**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 553** **5/07/2013 ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ നിലവാരം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ :<br>ശ്രീ. പി.സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ്: | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) സംസ്ഥാനത്ത് അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്ന തരത്തിൽ പദ്ധതി തുടങ്ങുന്നതിന് വേണ്ടി വിദ്യാഭ്യാസവകുപ്പ്/ സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു കൊണ്ടിരിക്കുന്നു. |
| ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ; | (ബി) അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ക്ലാസ്സ് മുറികൾ, ലൈബ്രറി, എല്ലാ സംവിധാനങ്ങളോടും കൂടിയ ലാബോറട്ടറികൾ (ഐ.ടിയും, ഭാഷാ ലാബുകളും ഉൾപ്പെടെ) കായികം, കളരി, ആർട്ട്സ് മുറികൾ/ ഹാളുകൾ ഭക്ഷണ ശാലകൾ കാര്യനിർവ്വഹണത്തിനുള്ള കെട്ടിടങ്ങൾ കൂടാതെ ഫുട്ബോൾ, ബാസ്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിന്റൺ കോർട്ടുകൾ, കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ ചുറ്റുമതിലോടുകൂടിയ സ്ഥാന വലിപ്പമുള്ള പ്രവേശന സ്ഥലം, നീന്തൽ കുളങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള വികസനമാണ് ലക്ഷ്യമിടുന്നത്. |
| സി) ഈ ലക്ഷ്യത്തിലേക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ; ആയത് എപ്രകാരം സമാഹരിയ്ക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ നൽകുമോ ? | (സി) സംസ്ഥാനത്തെ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്ക് അന്തിമ തീരുമാനം ലഭിച്ചതിന് ശേഷം മാത്രമേ ചെലവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആർ.എം.എസ്.എ, എസ്.എസ്.എ, സീമാറ്റ്, എസ്.ഐ.ഇ.റ്റി, എസ്.സി.ഇ.ആർ.ടി, ഐറ്റി @ സ്കൂൾ തുടങ്ങിയ ഏജൻസികളുടെ സഹകരണം ആവശ്യമാണ്. കൂടാതെ എം.എൽ.എ, എം.പി. ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ